(ബി) തൊഴിലാളി സഹകരണസംഘങ്ങൾക്കുവേണ്ടി 4,91,598 രൂപ ഗ്രാൻറും, ഒൻപതുലക്ഷം രൂപ ലോണും, കയർവ്യവസായസഹകരണസംഘങ്ങൾക്കുവേണ്ടി ഒരുലക്ഷം രൂപ ഗ്രാൻറും, ഒരുലക്ഷം രൂപ ലോണും ഭൂദാനഫണ്ടിൽനിന്നു് ഈ സ്റ്റോറിനു ലഭിച്ചിട്ടുണ്ടു്.

ഭവനനിർമ്മാണം.

* 490. [22] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ്, സെറ്റിൽമെൻറ്, കോളനൈസേഷൻ എന്നീ പദ്ധതികളനുസരിച്ചു് കഴിഞ്ഞ വർഷത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു് ;

(ബി) എത്ര ചിലവു വന്നിട്ടുണ്ടു് ;

(സി) ഈ വർഷത്തിൽ എത്ര വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൗസിംഗ്, സെറ്റിൽമെൻറ് എന്നീ പദ്ധതികളിലായി കഴിഞ്ഞ വർഷത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും താഴെ പറയുന്ന കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. കോളനൈസേഷൻ പദ്ധതിയനുസരിച്ചു് കെട്ടിടങ്ങൾ ഒന്നും നിർമ്മിച്ചിട്ടില്ല.

	തിരുവനന്തപുരം.	കൊല്ലം.	കോട്ടയം.	തൃശ്ശൂർ.
1. ഹൗസിംഗ്:—	15.	42.	25.	42.
2. സെറ്റിൽമെൻറ്:—	112.	....	2.	ഇല്ല.

(ബി)

1. ഹൗസിംഗ്:—രൂ.	40,431.	1,85,697.	42,413.	1,33,019.
2. സെറ്റിൽമെൻറ്:—രൂ.	14,090.	3,570.	ഇല്ല.	168.

(സി) ഈ വർഷത്തിൽ പണി നടക്കുന്നതും, പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരം അടിയിൽ കൊടുക്കുന്നു.

	തിരുവനന്തപുരം.	കൊല്ലം.	കോട്ടയം.	തൃശ്ശൂർ.
1. ഹൗസിംഗ്:—	47.	38.	38.	29.
2. സെറ്റിൽമെൻറ്:—	962.	549.	108.	120.

റോഡിൻെറ ശോചനീയാവസ്ഥ.

* 491. [24] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ ഭാഗമാക്കാൻ തിരുവനന്തപുരത്തിനു തെക്കോട്ടു് തിരഞ്ഞെടുത്തിരിക്കുന്ന റോഡു് ഏതാണു് ;

(ബി) വിഴിഞ്ഞം, പൂവാർ തുടങ്ങിയ സ്ഥലങ്ങളിൽക്കൂടിയുള്ള റോഡിൻെറ ശോചനീയമായ അവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം–പൂവാർ റോഡ് ടാർ ഇടുന്നതിനുള്ള എസ്റ്റിമേറ്റ് തയാറായിട്ടുണ്ടോ ;

(ഡി) ആ ജോലി തുടങ്ങാൻ താമസിക്കുന്നതെന്തുകൊണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തിരുവനന്തപുരം–കന്യാകുമാരി റോഡ്.

(ബി) ഉണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഡി) ഈ ജോലി ആവുന്ന വേഗത്തിൽ തുടങ്ങുന്നതാണ്.

കൃഷിഡിപ്പാർട്ട്മെൻറിലെ മാക്കറിംഗ് സെക്ഷൻ.

* 492. [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഡിപ്പാർട്ടുമെൻറിലെ മാക്കറിംഗ് സെക്ഷൻ ഇപ്പോൾ പ്രവർത്തനം നടത്തിവരുന്നുണ്ടോ ;

(ബി) മാക്കറിംഗ് സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ടുകൾ ഗവണ്മെൻറിനു ലഭിക്കുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) ഉണ്ട്.

ആശുപത്രികളിലെ എക്സ്റേ ഉപകരണങ്ങൾ.

* 493. [28] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ആശുപത്രികളിൽ എക്സ്റേ ഉപകരണങ്ങളുണ്ട് ;

(ബി) ഇക്കൊല്ലം കൂടുതലായി എക്സ്റേ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എവിടെയൊക്കെയാണ്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പതിനാലു് ആശുപത്രികളിൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കാർഷിക സഹകരണ സംഘങ്ങൾ.

* 494. [29] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly